**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 26

# വാർത്താക്കുറിപ്പ്

---

## എം.ജി. പി.ജി./ ബി.എഡ്. ഏകജാലകം: മൂന്നാം അലോട്ട്മെന്റ്

എം.ജി. പി.ജി. / ബി.എഡ്. ഏകജാലകം മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. മുൻ അലോട്ട്മെന്റുകളിൽ താത്കാലികമായി പ്രവേശനമെടുത്തിട്ടുള്ളവരും മൂന്നാം അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ചവരുമുൾപ്പെടെ പ്രവേശനമെടുക്കാൻ ആഗ്രഹിക്കുന്നവരെല്ലാം ആഗസ്റ്റ് 30 ന് നാല് മണിക്ക് മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ നേരിട്ട് ഹാജരായി സ്ഥിരപ്രവേശമെടുക്കേണ്ടതാണ്. താത്കാലിക പ്രവേശനത്തിനുള്ള സൗകര്യം മൂന്നാം അലോട്ട്മെന്റിൽ ലഭ്യമായിരിക്കുകയില്ല. എന്നാൽ ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവരും സ്ഥിരപ്രവേശനം തെരഞ്ഞെടുത്തവരുമൊഴികെയുള്ള പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് വരെ താത്കാലിക പ്രവേശനത്തിൽ തുടരാവുന്നതാണ്. മുൻ അലോട്ട്മെന്റുകളിൽ പ്രവേശനമെടുത്തവർ സ്ഥിര പ്രവേശനമെടുക്കാൻ ആഗ്രഹിക്കുന്ന പക്ഷം പ്രവേശനത്തിന് മുൻപായി നിർബന്ധമായും ഒരു പ്രാവശ്യം ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്.

ഒന്ന് മുതൽ മൂന്ന് വരെ അലോട്ട്മെന്റുകളുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രക്രിയയുടെ അവസാന അലോട്ട്മെന്റാണ് മൂന്നാം അലോട്ട്മെന്റ്. അതുകൊണ്ട് തന്നെ ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനമെടുത്ത് നിൽക്കുന്നവർ മൂന്നാം അലോട്ട്മെന്റിൽ സ്ഥിര പ്രവേശനമെടുത്തില്ലായെങ്കിൽ അത്തരക്കാരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടും. മൂന്നാം അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ചവരും ഇതേ പോലെ തന്നെ ഈ മാസം 30 ന് നാല് മണിക്ക് മുൻപായി സ്ഥിര പ്രവേശനമെടുത്തില്ലായെങ്കിൽ അത്തരക്കാരുടെയും പ്രവേശനം റദ്ദാക്കപ്പെടും. എന്നാൽ ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവരും സ്ഥിരപ്രവേശനം ആഗ്രഹിക്കുന്നവരുമൊഴികെയുള്ള പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രസ്തുത വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് വരെ താത്കാലിക പ്രവേശനത്തിൽ തുടരാവുന്നതാണ്.

(പി.ആർ.ഒ./39/123 2/2022)

## പൊതു ജനങ്ങൾക്ക് ആതിഥ്യമേകി എം.ജി.

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളും ഗവേഷണ സൗകര്യങ്ങളും സർവകലാശാല പ്രവർത്തനങ്ങളും കാണുന്നതിന് ലഭിച്ച അവസരം പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും മികച്ച

അനുഭവമായി. സർവകലാശാലയിലെത്തിച്ചേർന്നവർക്ക് വിവിധ ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും സർവകലാശാല പ്രവർത്തനം വിശദമാക്കി. പൊതുപ്രവേശനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. പ്രൊ വൈസ് ചാൻസലർ, വകുപ്പ് മേധാവികൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ./39/123 3/2022)

## ബി.എഡ് മേഴ്സി ചാൻസ് പരീക്ഷ

അഫിലിയേറ്റഡ് കോളേജുകളിലെയും സി.പി.എ.എസ്. ന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെയും നാലാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2015-2017 അഡ്മിഷനുകൾ - ഫസ്റ്റ് മേഴ്സി ചാൻസ് - രണ്ട് വർഷ കോഴ്സ്) പരീക്ഷ സെപ്റ്റംബർ ഒമ്പതിന് നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/123 4/2022)

## അപേക്ഷ തീയതി

ഒന്ന് മുതൽ ഏഴ് വരെയുള്ള സെമസ്റ്ററുകൾ ബി.ടെക്. (2011 മുതലുള്ള അഡ്മിഷൻ - സപ്ലിമെന്ററി/ മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്റ്റംബർ 28 വരെയും പിഴയോടു കൂടി സെപ്റ്റംബർ 29 നും സൂപ്പർഫൈനോടു കൂടി സെപ്റ്റംബർ 30 നും അപേക്ഷിക്കാം. പരീക്ഷാ തീയതി പിന്നീട് അറിയിക്കും. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/123 5/2022)

## പ്രാക്ടിക്കൽ പരീക്ഷ

ബി.എ. ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് (പുതിയ സ്കീം - 2021 അഡ്മിഷൻ - റഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / 2017, 2018, 2019, 2020 അഡ്മിഷൻ - റീ-അപ്പിയറൻസ്) യു.ജി. ബി.എ. കഥകളി വേഷം, കഥകളി സംഗീതം (കോംപ്ലിമെന്ററി), ഭരതനാട്യം, മോഹിനിയാട്ടം, വീണ, വയലിൻ, വോക്കൽ (കോംപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 29, 31, സെപ്റ്റംബർ ഒന്ന് തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്ട്സിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/123 6/2022)

## പരീക്ഷാ ഫീസ്

സെപ്റ്റംബർ 26 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എ.എച്ച്.ആർ.എം. / എം.എച്ച്.ആർ.എം. (പുതിയ സ്കീം - 2021 അഡ്മിഷൻ - റഗുലർ/ 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി / 2018, 2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്റ്റംബർ 14 വരെയും പിഴയോടു കൂടി സെപ്റ്റംബർ 15 നും സൂപ്പർഫൈനോടു കൂടി സെപ്റ്റംബർ 16 നും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/123 7/2022)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോസയൻസസിൽ എം.എസ്.സി. ബയോകെമിസ്ട്രി/ ബയോഫിസിക്സ് / ബയോടെക്നോളജി പ്രോഗ്രാമുകളിൽ എസ്.സി. സംവരണ വിഭാഗത്തിൽ ഒരു സീറ്റ് വീതം ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ യോഗ്യത സർട്ടിഫിക്കറ്റുകളും അസ്സൽ രേഖകളുമായി ആഗസ്റ്റ് 29 ന് രാവിലെ 11 മണിക്ക് വകുപ്പ് ഓഫീസിൽ എത്തിച്ചേരണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731035.

(പി.ആർ.ഒ./39/123 8/2022)

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്സ് വകുപ്പിൽ എം.എസ്.സി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് (2022 അഡ്മിഷൻ) ബാച്ചിലേക്ക് സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസ്സൽ യോഗ്യത രേഖകളുമായി ആഗസ്റ്റ് 30 ന് 12 മണിക്ക് മുമ്പായി വകുപ്പ് ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് www.mgu.ac.in, ഫോൺ: 9446459644.

(പി.ആർ.ഒ./39/123 9/2022)

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്ട്സ് സയൻസസിൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്ട്സ് (എം.പി.ഇ.എസ്.) 2022 അഡ്മിഷനിലേക്ക് എസ്.സി. ക്വോട്ടയിൽ ഒഴിവുകളുണ്ട്. സി.എ.റ്റി. പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 29 ന് രാവിലെ 7.30 ന് വകുപ്പ് ഓഫീസിൽ എത്തിച്ചേരണം. അഡ്മിഷൻ നടപടികളുടെ ഭാഗമായുള്ള എഴുത്ത് പരീക്ഷയും കായികക്ഷമതാ പരീക്ഷയും അന്നേ ദിവസം തന്നെ നടത്തും. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2732368.

(പി.ആർ.ഒ./39/12 40/2022)

## പരീക്ഷാ ഫലം

2021 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എം.റ്റി.റ്റി.എം. (2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി / 2015, 2014, 2013, 2012 അഡ്മിഷൻ - മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് സെപ്റ്റംബർ അഞ്ച് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/12 41/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**